സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 21 2025 മാർച്ച് 26 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

സംസ്ഥാനത്ത് സപ്ലൈകോ റംസാൻ, വിഷു, ഈസ്റ്റർ ഫെയറുകൾ സംഘടിപ്പിക്കും

തൃശൂർ: സംസ്ഥാനത്ത് സപ്ലൈകോ റംസാൻ, വിഷു, ഈസ്റ്റർ ഫെയറുകൾ സംഘടിപ്പിക്കും. തൃശൂർ ജില്ലയിൽ 26 നാണ് റംസാൻ ഫെയറിന് തുടക്കമാകുക. 30 വരെ തുടരും. വിഷു, ഈസ്റ്റർ ഫെയർ ഏപ്രിൽ 10 മുതൽ 19 വരെ സംഘടിപ്പിക്കും. എല്ലാ ജില്ലകളിലെയും പ്രധാന സപ്ലൈകോ വിൽപ്പനശാലയാണ് റംസാൻ ഫെയറാക്കി മാറ്റുക. പതിമൂന്നിന് സബ്സിഡി സാധനങ്ങൾക്കു പുറമെ, 40ലധികം ബ്രാൻഡഡ് നിത്യോപയോഗസാധനങ്ങൾക്ക് വിലക്കുറവും പ്രത്യേകം ഓഫറുകളും റംസാൻ ഫെയറിൽ ലഭ്യമാകും. ശബരി ഉൽപ്പന്നങ്ങൾക്കും 30 വരെ വിലക്കുറവുണ്ട്

കടുത്ത അതൃപ്തിയിൽ രാജീവ് ചന്ദ്രശേഖർ; 'രാജേഷിനെതിരായ പോസ്റ്ററുകൾ നീക്കണം, ഒട്ടിച്ചവരെ കണ്ടെത്തണം'

തിരു: വി.വി. രാജേഷിനെതിരെ തിരുവനന്തപുരത്ത് വ്യാപകമായി പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ട സംഭവത്തിൽ കടുത്ത അതൃപ്തിയറിയിച്ച് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. വിവാദത്തിൽ കർശന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. പാർട്ടിയിൽഇനി ഇത്തരം പ്രവണത അനുവദിക്കില്ലെന്ന് അദ്ദേഹം ജില്ലാ നേതൃത്വത്തിന് താക്കീതുനൽകി.

ബുധനാഴ്ച രാവിലെയാണ് ബിജെപി സംസ്ഥാന കമ്മിറ്റി ഓഫീസിനുമുന്നിലും വി.വി. രാജേഷിന്റെ വീടിനുമുന്നിലും അദ്ദേഹത്തെ രൂക്ഷമായി വിമർശിക്കുന്ന പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടത്. രാജേഷ് സാമ്പത്തിക തട്ടിപ്പുകാരനാണെന്നും തിരുവനന്തപുരം ലോക്സഭാ തിരഞ്ഞെടുപ്പിൽ ബിജെപി സ്ഥാനാർത്ഥിയായിരുന്ന രാജീവ് ചന്ദ്രശേഖറിനെ തോൽപ്പിക്കാൻ രാജേഷ് ശ്രമിച്ചുവെന്നുമാണ് പോസ്റ്ററിലുണ്ടായിരുന്നത്. ഇതിനെതിരെയാണ് രാജീവ് ചന്ദ്രശേഖർ രംഗത്തെത്തിയത്.

പോസ്റ്ററുകൾ നീക്കം ചെയ്യണമെന്നും ഇവ ഒട്ടിച്ചവരെ കണ്ടെത്തി കർശന നടപടിയെടുക്കണമെന്നും രാജീവ് ചന്ദ്രശേഖർ നിർദേശം നൽകി. ബിജെപി പ്രതികരണവേദി എന്ന പേരിലായിരുന്നു പോസ്റ്ററുകൾ പതിച്ചിരുന്നത്. രാജേഷ് അനധികൃതമായി സ്വത്ത് സമ്പാദിച്ചെന്നും ഇഡി റബ്ബർ സ്റ്റാമ്പല്ലെങ്കിൽ ഇവ കണ്ടുകെട്ടണം. രാജേഷിനെ പാർട്ടിയിൽനിന്ന് പുറത്താക്കണം. വി.വി. രാജേഷിന്റെ 15 വർഷത്തിനുള്ളിലെ സാമ്പത്തിക വളർച്ചയെക്കുറിച്ച് പാർട്ടി വിശദമായ അന്വേഷണം നടത്തണമെന്നും പോസ്റ്ററിലുണ്ടായിരുന്നു.

പോസ്റ്ററുകൾ പതിച്ചതിനെതിരെ വി.വി. രാജേഷ് സിറ്റി പോലീസ് കമ്മീഷണർക്ക് പരാതി നൽകിയിരുന്നു. ഇതിനുപിന്നാലെയാണിപ്പോൾ സംഭവത്തിൽ നടപടിയെടുക്കുമെന്ന് പറഞ്ഞ് രാജീവ് ചന്ദ്രശേഖർതന്നെ രംഗത്തെത്തിയത്.

അണ്ണാമലൈ പുറത്താകുന്നു?

അമിത് ഷായുമായി പളനിസ്വാമിയുടെ കൂടിക്കാഴ്ച, എഐഡിഎംകെ-ബിജെപി കൂട്ടുകെട്ട് വീണ്ടും?

ചെന്നൈ: ബിജെപിയുമായുള്ള സഖ്യം പുനഃസ്ഥാപിക്കുന്ന കാര്യം അണ്ണാ ഡിഎംകെ പരിഗണിക്കുന്നെന്ന റിപ്പോർട്ടുകൾക്കിടെ പാർട്ടി ജനറൽ സെക്രട്ടറി എടപ്പാടി പളനിസ്വാമി ഡൽഹിയിലെത്തി ആഭ്യന്തര മന്ത്രി അമിത് ഷായുമായി ചർച്ച നടത്തി. 15 മിനിറ്റ് നീണ്ടുന്ന സ്വകാര്യ കൂടിക്കാഴ്ചയാണ് ഇരുവരും നടത്തിയത്. അടുത്ത വർഷം തമിഴ്നാട്ടിൽ നിയമസഭാ തിരഞ്ഞെടുപ്പ് വരാനിരിക്കെ സഖ്യം യാഥാർഥ്യമാക്കുന്നതിനുള്ള ഉപാധികൾ എടപ്പാടി പളനിസ്വാമി അമിത് ഷായ്ക്കുമുന്നിൽ വെച്ചുവെന്ന് എഐഎഡിഎംകെ വൃത്തങ്ങളെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ബിജെപി സംസ്ഥാന അധ്യക്ഷൻ അണ്ണാമലൈയെ സഖ്യചർച്ചയിൽനിന്നും മാറ്റിനിർത്താനുള്ള ഉപാധിയാണ് ഇതിൽ പ്രധാനം. സഖ്യത്തെ എഐഡിഎംകെ തന്നെ നയിക്കും. സഖ്യത്തിൽ ടിടിവി ധിനകരൻ, വി.കെ.ശശികല, ഒ.പനീർശെൽവം എന്നിവരുടെ സാന്നിധ്യം തങ്ങളെ അലോസരപ്പെടുത്തുന്നില്ലെന്നും പളനിസ്വാമി അമിത് ഷായെ അറിയിച്ചതായാണ് വിവരം.

മുതിർന്ന എഐഎഡിഎംകെ നേതാക്കളായ എസ്പി വേലുമണിയും കെപി മുനുസാമിയും ചർച്ചയിൽ പങ്കെടുത്തു.

ബിജെപി നേതൃത്വം പലതവണ അനുരഞ്ജനശ്രമം നടത്തിയിട്ടുണ്ടെങ്കിലും ഇനി സഖ്യത്തിനില്ലെന്ന കർശനനിലപാടിലായിരുന്നു ഇത്രനാളും എടപ്പാടി പളനിസ്വാമി. പ്രതിപക്ഷകക്ഷികൾ വേറിട്ടുമത്സരിക്കുന്നത് അടുത്ത വർഷം നടക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ഭരണകക്ഷിയായ ഡിഎംകെയുടെ ജയം അനായാസമാക്കുമെന്ന തിരിച്ചറിവും കേന്ദ്രസർക്കാരിൽനിന്നുള്ള സമ്മർദവുമാണ് നിലപാടുമാറ്റത്തിന് വഴിവെച്ചത് എന്നാണ് സൂചന. ഇരുപാർട്ടികളുടെയും നേതാക്കൾ തമ്മിൽ ആഴ്ചകളായി തുടരുന്ന അനൗപചാരിക ചർച്ചകൾക്കുശേഷമാണ് ഡൽഹിയിൽ വെച്ച് അമിത് ഷാ-എടപ്പാടി ചർച്ച നടന്നത്.

ബിജെപി സഖ്യം ബാധ്യതയായെന്ന തിരിച്ചറിവിനെത്തുടർന്നാണ് 2023-ൽ അണ്ണാ ഡിഎംകെ പിണങ്ങിപ്പിരിഞ്ഞത്. ജയലളിതയുടെ കാലത്ത് 1998-ൽ ഇരുപാർട്ടികളും സഖ്യമുണ്ടാക്കിയിരുന്നെങ്കിലും അത് ഒരു വർഷമേ നീണ്ടുനിന്നുള്ളൂ. പിന്നീട് ജയലളിതയുടെ മരണശേഷം 2019-ലെ ലോക്സഭാ തിരഞ്ഞെടുപ്പിനുമുൻപാണ് സഖ്യം പുനഃസ്ഥാപിക്കപ്പെട്ടത്. അതിനുശേഷംനടന്ന രണ്ടുതിരഞ്ഞെടുപ്പിലും മുന്നണിക്ക് വൻ പരാജയം നേരിട്ടു. വലിയ കക്ഷിയായ അണ്ണാ ഡിഎംകെയെ ഒതുക്കി സ്വന്തം പാർട്ടി ശക്തിപ്പെടുത്താൻ അണ്ണാമലൈ നടത്തിയ ശ്രമങ്ങൾ ബന്ധം വഷളാക്കി. അതാണ് സഖ്യം വിച്ഛേദിക്കുന്നതിലേക്കു നയിച്ചത്.

എന്നാൽ ബിജെപിയും അണ്ണാ ഡിഎംകെയും വേറിട്ടു മത്സരിച്ച ലോക്സഭാ തിരഞ്ഞെടുപ്പിലും ഉപതിരഞ്ഞെടുപ്പുകളിലും ഡിഎംകെ സഖ്യം വൻ ഭൂരിപക്ഷമാണ് നേടിയത്. അവസാനംനടന്ന ഉപതിരഞ്ഞെടുപ്പിൽ പ്രധാന പ്രതിപക്ഷകക്ഷികളാരും മത്സരിച്ചതുപോലുമില്ല. അടുത്ത വർഷത്തെ നിയമസഭാതിരഞ്ഞെടുപ്പിൽ ഈ സ്ഥിതി വരാൻ പാടില്ലെന്ന ബിജെപി ദേശീയ നേതൃത്വത്തിന്റെ നിർബന്ധമാണ് സഖ്യം പുനഃസ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾക്കു പന്നിൽ. ഉത്തരേന്ത്യൻ കക്ഷിയെന്ന പ്രതിച്ഛായയുള്ള ബിജെപിയുമായി സഖ്യമുണ്ടാക്കുന്നത് ആശയപരമായി പാർട്ടിക്ക് ദോഷംചെയ്യുമെങ്കിലും തത്കാലം വേറെ വഴിയില്ലെന്നാണ് അണ്ണാ ഡിഎംകെ നേതൃത്വം കരുതുന്നത്.

അണ്ണാ ഡിഎംകെ നേതൃത്വവും ബിജെപി സംസ്ഥാനാധ്യക്ഷൻ കെ. അണ്ണാമലൈയും തമ്മിലുള്ള ഭിന്നതയായിരുന്നു സഖ്യത്തിനുള്ള പ്രധാന തടസ്സം. അണ്ണാമലൈയെ മാറ്റിയാലേ സഖ്യമുള്ളൂ എന്നായിരുന്നു എടപ്പാടിയുടെ നിലപാട്. അതിൽനിന്ന് അദ്ദേഹം പിന്നാക്കംപോയെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നെങ്കിലും അമിത് ഷായെ കണ്ട് അദ്ദേഹം ഇക്കാര്യം ഉന്നയിച്ചതോടെ നിലപാടിൽ മാറ്റമില്ലെന്ന് വ്യക്തമായി. സഖ്യം പുനഃസ്ഥാപിക്കാനുള്ള നീക്കത്തിൽ അണ്ണാമലൈയെ മാറ്റിനിർത്താനുള്ള എഐഎഡിഎംകെയുടെ ആവശ്യം ബിജെപി അംഗീകരിക്കുമോ എന്നത് കണ്ടറിയണം.

മുന്നണിക്ക് ഏകോപനസമിതിയുണ്ടാക്കണമെന്നും ബിജെപി ദേശീയനേതൃത്വവുമായി നേരിട്ട് ആശയവിനിമയം നടത്താൻ സമിതിക്ക് അവസരമുണ്ടാകണമെന്നും അണ്ണാ ഡിഎംകെ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിലൂടെ അണ്ണാമലൈയുടെ അപ്രമാദിത്വം അവസാനിക്കുമെന്നാണ് പാർട്ടി പ്രതീക്ഷിക്കുന്നത്.

അലഹബാദ് ഹൈക്കോടതിയുടെ വിവാദ പരാമർശത്തിന് സ്റ്റേ

ന്യൂഡൽഹി: സ്ത്രീകളുടെ മാറിടത്തിൽ സ്പർശിക്കുന്നതും പൈജാമയുടെ ചരട് പൊട്ടിക്കാൻ ശ്രമിക്കുന്നതും ബലാത്സംഗ ശ്രമമല്ലെന്ന അലഹബാദ് ഹൈക്കോടതിയുടെ ഉത്തരവ് സുപ്രീംകോടതി സ്റ്റേ ചെയ്തു. വിവാദ പരാമർശങ്ങളിൽ സുപ്രീംകോടതി കടുത്ത അതൃപ്തി പ്രകടിപ്പിച്ചിരിക്കുകയാണ്. ജസ്റ്റിസുമാരായ ബി ആർ ഗവായ്, അഗസ്റ്റിൻ ജോർജ് മസീഹ് എന്നിവരടങ്ങിയ ബഞ്ചാണ് സ്വമേധയാ എടുത്ത കേസ് പരിഗണിച്ചത്. ഹൈക്കോടതിയുടെ ഇത്തരം പരാമർശങ്ങൾ അംഗീകരിക്കാൻ സാധിക്കില്ലെന്നും നടത്തിയത് മനുഷ്യത്വ രഹിത പ്രസ്താവനയാണെന്നും ബഞ്ച് വ്യക്തമാക്കിയിട്ടുണ്ട്.

മുതിർന്ന അഭിഭാഷക ശോഭാ ഗുപ്ത ഇക്കാര്യം ചൂണ്ടിക്കാട്ടി ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്നയ്ക്ക് കത്തയച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് സുപ്രീംകോടതി സ്വമേധയാ കേസെടുത്തത്.സ്ത്രീകളുടെ മാറിടത്തിൽ സ്പർശിക്കുന്നതും പൈജാമയുടെ ചരട് പൊട്ടിക്കാൻ ശ്രമിക്കുന്നതും അവളെ വലിച്ചിഴയ്ക്കുന്നതും ബലാത്സംഗ ശ്രമത്തിനുള്ള തെളിവുകളായി കണക്കാക്കാനാകില്ല എന്നായിരുന്നു അലഹബാദ് ഹൈക്കോടതിയുടെ ഉത്തരവ്. ഇങ്ങനെ ചെയ്തവർക്കുമേൽ ബലാത്സംഗ കുറ്റങ്ങൾ ചുമത്താനാവില്ലെന്നും കോടതി നിരീക്ഷിച്ചിരുന്നു. ബലാത്സംഗ ശ്രമവും ബലാത്സംഗത്തിനുള്ള തയാറെടുപ്പും വ്യത്യസ്തമാണെന്നും അലഹബാദ് ഹൈക്കോടതി ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

200 കോടി രൂപയുടെ നികുതിവെട്ടിപ്പ് കണ്ടെത്താൻ സഹായിച്ചത് വാട്സാപ്പ് സന്ദേശങ്ങൾ: നിർമലാ സീതാരാമൻ

ന്യൂഡൽഹി: 200 കോടി രൂപയുടെ നികുതിവെട്ടിപ്പ് കണ്ടെത്താൻ സഹായിച്ച വാട്സാപ്പ് സന്ദേശങ്ങൾ ഉദ്ധരിച്ച്, പുതിയ ആദായ നികുതി ബില്ലിനെതിരായ വിമർശനങ്ങളെ പ്രതിരോധിച്ച് ധനമന്ത്രി നിർമലാ സീതാരാമൻ. നികുതി വെട്ടിപ്പും സാമ്പത്തിക തട്ടിപ്പും തടയുന്നതിന് ആദായനികുതി വകുപ്പ് ഉദ്യോഗസ്ഥർക്ക് ഡിജിറ്റൽ രേഖകളിലേക്ക് പ്രവേശനം അനുവദിക്കുന്നത് നിർണായകമാണെന്ന് ലോക്സഭയെ അഭിസംബോധന ചെയ്തുകൊണ്ട് ധനമന്ത്രി പറഞ്ഞു.

വാട്സാപ്പ്, ഇൻസ്റ്റഗ്രാം അടക്കമുള്ള സോഷ്യൽ മീഡിയ - ഡിജിറ്റൽ അക്കൗണ്ടുകളിലേക്ക് പ്രത്യേക അനുമതികളില്ലാതെ തന്നെ ആദായനികുതി വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശോധനകൾ നടത്താൻ അനുമതിയും പുതിയ ആദായ നികുതി ബില്ലിലുണ്ട്.

'മൊബൈൽ ഫോണുകളിലെ എൻക്രിപ്റ്റ് ചെയ്ത സന്ദേശങ്ങൾ വഴി കണക്കിൽപ്പെടാത്ത 250 കോടി രൂപയുടെ പണം കണ്ടെത്തി. വാട്സാപ്പ് സന്ദേശങ്ങളിൽ നിന്ന് ക്രിപ്റ്റോ ആസ്തികളുടെ തെളിവുകൾ കണ്ടെത്തി. വാട്സാപ്പ് ആശയവിനിമയം കണക്കിൽപ്പെടാത്ത 200 കോടി രൂപയുടെ പണം കണ്ടെത്താൻ സഹായിച്ചു' ധനമന്ത്രി സഭയിൽ പറഞ്ഞതായി മണികൺട്രോൾ റിപ്പോർട്ട് ചെയ്തു.

ഗൂഗിൾ മാപ്പ് ഹിസ്റ്ററി ഉപയോഗിച്ച് പണം ഒളിപ്പിക്കാൻ പതിവായി സന്ദർശിക്കുന്ന സ്ഥലങ്ങൾ തിരിച്ചറിയാൻ കഴിഞ്ഞതായും ബെനാമി സ്വത്തുടമസ്ഥത നിർണ്ണയിക്കാൻ ഇൻസ്റ്റാഗ്രാം അക്കൗണ്ടുകൾ വിശകലനം ചെയ്തതായും നിർമലാ സീതാരാമൻ പരാമർശിച്ചു.

ക്രിപ്റ്റോകറൻസികൾ പോലുള്ള വെർചൽ ആസ്തികൾക്ക് കണക്കുകൾ നൽകേണ്ടി വരുന്നത് ഉറപ്പാക്കുമെന്നും അവർ വ്യക്തമാക്കി.

കോടതിയിൽ നികുതി വെട്ടിപ്പ് തെളിയിക്കുന്നതിനും നികുതി വെട്ടിപ്പിന്റെ കൃത്യമായ തുക കണക്കാക്കുന്നതിനും ഡിജിറ്റൽ അക്കൗണ്ടുകളിൽ നിന്ന് തെളിവുകൾ ശേഖരിക്കുന്നത് പ്രധാനമാണെന്നും അവർ പറഞ്ഞു.

അധിക്ഷേപിക്കുകയോ പരിഹസിക്കുകയോ ചെയ്യാതെ ആശാ വർക്കർമാരെ ചർച്ചക്ക് വിളിക്കണം: സച്ചിദാനന്ദൻ



തിരു: വേതനവർധനവ് ആവശ്യപ്പെട്ട് സെക്രട്ടേറിയറ്റിന് മുന്നിൽ സമരം നടത്തുന്ന ആശാവർക്കർമാർക്ക് പിന്തുണ അറിയിച്ച് കവി കെ. സച്ചിദാനന്ദൻ. ആശാവർക്കർമാരുടെ സമരം ഒരു പുതിയ ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണെന്നും കേരളത്തിലെ അൽപമെങ്കിലും ഹൃദയശാലിത്തമുള്ള എല്ലാ മനുഷ്യരും ആശാവർക്കർമാരുടെ സമരത്തോട് അനുഭാവമുള്ളവരാണെന്നും പറഞ്ഞു.

"അനുഭാവം പരസ്യമായി പ്രകടിപ്പിക്കാത്ത ആളുകൾക്കുപോലും ഉള്ളിൽ അവരോട് അനുഭാവമുണ്ട്. പലയാളുകളും പല കാരണങ്ങളാൽ സത്യങ്ങൾ പറയുന്നില്ല.

ഒരു സമരം നടക്കുമ്പോൾ, അത് ആരു തന്നെ നടത്തിയാലും അവരുടെ ആവശ്യങ്ങളിൽ അൽപമെങ്കിലും ന്യായമുണ്ടെങ്കിൽ സമരം ചെയ്യുന്ന ആളുകളെ സർക്കാർ ചർച്ചയ്ക്ക് വിളിക്കുകയും കഴിയുന്ന തരത്തിലുള്ള ഒരു ഒത്തുതീർപ്പ് ഉണ്ടാക്കുകയുമാണ് വേണ്ടത്. ഏത് ജനാധിപത്യ സർക്കാരും ചെയ്യുന്നതുപോലെ ഒരു ഇടതുപക്ഷ സർക്കാർ പ്രത്യേകിച്ചും ചെയ്യേണ്ടതുപോലെ ഈ തൊഴിലാളികളെ അധിക്ഷേപിക്കുകയോ അവരെ പുരുഷ ഭാഷയിൽ ശകാരിക്കുകയോ അവർ ഒരു ന്യൂനപക്ഷമാണ് എന്ന് ചൂണ്ടിക്കാണിച്ച് അവരെ അപഹസിക്കുകയോ അല്ലാതെ അവരെ യഥാർഥമായ ഒരു ചർച്ചയ്ക്ക് ക്ഷണിക്കുകയാണ് വേണ്ടതെന്നും സച്ചിദാനന്ദൻ പറഞ്ഞു.

നേരത്തേ ആശാവർക്കർമാരെ അനുകൂലിച്ച് സച്ചിദാനന്ദന്റെ ഒരു ശബ്ദസന്ദേശം പ്രചരിച്ചിരുന്നു. ആക്ടിവിസ്റ്റുകൾ ഭാഗമായ ഒരുവാട്സ്ആപ്പ് ഗ്രൂപ്പിലെ ചർച്ചയിൽ താൻ പങ്കുവെച്ച സന്ദേശമാണ് പുറത്തുവന്നതെന്ന് അദ്ദേഹം പ്രതികരിച്ചിരുന്നു.

ഷാൻ റഹ്മാനും ഭാര്യക്കുമെതിരായ വഞ്ചനാക്കേസ്; ഒത്തുതീർപ്പ് ശ്രമവുമായി സുഹൃത്തുക്കൾ

കൊച്ചി: സംഗീതസംവിധായകൻ ഷാൻ റഹ്മാനും ഭാര്യയ്ക്കും എതിരായ വഞ്ചനാക്കേസ് ഒത്തുതീർപ്പാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതായി സൂചന. ഷാൻ റഹ്മാന്റെ സുഹൃത്തുക്കൾ ഇടപെട്ടാണ് ഒത്തുതീർപ്പ് ശ്രമങ്ങൾ നടത്തുന്നത്. ഇതിന്റെ ഭാഗമായി സുഹൃത്തുക്കൾ പരാതിക്കാരനെ സമീപിച്ചതായാണ് വിവരം.

കൊച്ചിയിൽ ജനുവരി 25-ന് നടന്ന സംഗീതനിശയുടെ സംഘാടനവുമായി ബന്ധപ്പെട്ട് ഷാൻ റഹ്മാൻ കരാർപ്രകാരമുള്ള 38 ലക്ഷം രൂപ നൽകാതെ വഞ്ചിച്ചെന്നാണ് പരാതി. കൊല്ലം സ്വദേശിയും ഷോ ഡയറക്ടറുമായ നിജു രാജാണ് പരാതി നൽകിയത്. തുടർന്ന് സംഗീതനിശ ഷാൻ റഹ്മാനും ഭാര്യയ്ക്കും എതിരേ പോലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്തിരുന്നു.

സംഗീതനിശയ്ക്ക് ശേഷം ഓൺലൈൻ ടിക്കറ്റ് ബുക്കിങ് വെബ്സൈറ്റിൽനിന്ന് ലഭിക്കുന്ന തുക നൽകാമെന്നാണ് ഷാൻ റഹ്മാൻ ആദ്യം പറഞ്ഞതെന്നാണ് പരാതിക്കാരന്റെ ആരോപണം. എന്നാൽ, ബുക്കിങ് വെബ്സൈറ്റിൽനിന്ന് 38 ലക്ഷത്തിലധികം രൂപ ലഭിച്ചിട്ടും തനിക്ക് നൽകാനുള്ള പണം നൽകിയില്ലെന്നും പരാതിക്കാരൻ ആരോപിച്ചിരുന്നു.

അതിനിടെ, കേസിൽ ഷാൻ റഹ്മാൻ നേരത്തെ മുൻകൂർ ജാമ്യം നേടിയിരുന്നു. അന്വേഷണ ഉദ്യോഗസ്ഥന് മുന്നിൽ ഹാജരാകണമെന്ന വ്യവസ്ഥയോടെയാണ് കോടതി മുൻകൂർ ജാമ്യം അനുവദിച്ചിരുന്നത്. എന്നാൽ, ഷാൻ റഹ്മാൻ ഇതുവരെയും അന്വേഷണ ഉദ്യോഗസ്ഥനുമുന്നിൽ ഹാജരായിട്ടില്ല. ഇതിനിടെയാണ് സുഹൃത്തുക്കൾവഴി ഒത്തുതീർപ്പ് ശ്രമങ്ങൾ ആരംഭിച്ചത്. പരാതിക്കാരനും കേസ് ഒത്തുതീർപ്പാക്കാനാണ് താത്പര്യം. മുഴുവൻ തുകയും ലഭിച്ചാൽ കേസ് ഒത്തുതീർപ്പാക്കാമെന്നതാണ് പരാതിക്കാരന്റെ നിലപാട്.

നിര്യാതയായി

ലില്ലി

തൃശൂർ: കേരള സൗണ്ട് ഉടമ നീലങ്കാവിൽ ബെന്നിയുടെ മാതാവ് കൊളാങ്ങാട്ടുകര പരേതനായ ദേവസി ഭാര്യ ലില്ലി (84) നിര്യാതയായി. സംസ്കാരം 27-3-25 ന് രാവിലെ 9 മണിക്ക് കൊളങ്ങാട്ടുകര സെന്റ് മേരിസ് ദേവാലയ സമിത്തേരിയിൽ. മറ്റു മക്കൾ: ബാബു നീലങ്കാവിൽ (സൈമൺ), ബീന ജോഷി, ബെനില ബാബൂസ്, ബെസ്സി പോളി, മരുമക്കൾ: സീബ ബാബു (പേരാമംഗലം), ജോഷി വർഗ്ഗീസ് (കുട്ടനെല്ലൂർ), ജെനി റോസ് (അങ്കമാലി) ബാബൂസ് ബെനി (പറവട്ടാനി), പോളി വർഗ്ഗീസ് (കുരിയച്ചിറ).

പ്രതിപക്ഷം രാപ്പകൽ സമരം ആരംഭിച്ചു

തൃശൂർ: കോർപ്പറേഷൻ ബജറ്റ് അവതരണ വേളയിൽ നികുതി വിഷയവുമായി ബന്ധപ്പെട്ട് കൗൺസിൽ ഹാളിൽ പ്രതിപക്ഷം രാപ്പകൽ സമരം ആരംഭിച്ചു. കോർപ്പറേഷന്റെ നികുതി വേട്ടക്കെതിരെയാണ് പ്രിപക്ഷ നേതാവ് രാജൻ പല്ലന്റെ നേതൃത്തിൽ കൗൺസിൽ ഹാളിൽ രാപ്പകൽ സമരം നടക്കുന്നത്.

കൊടകര കുഴൽപ്പണക്കേസ്: തുടരന്വേഷണ റിപ്പോർട്ട് പൊലീസ് കോടതിയിൽ സമർപ്പിച്ചു

മലപ്പുറം: കൊടകര കുഴൽപ്പണക്കേസിൽ തുടരന്വേഷണ റിപ്പോർട്ട് പൊലീസ് കോടതിയിൽ സമർപ്പിച്ചു. തിരൂർ സതീഷിന്റെ മൊഴിയിൽ കഴമ്പുണ്ടെന്നും ആറ് കോടി രൂപയുടെ കള്ളപ്പണം ബിജെപിയുടെ ഓഫീസിൽ എത്തിയിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. രണ്ടാംഘട്ട അന്വേഷണം അവസാനിപ്പിച്ചാണ് പൊലീസ് റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചത്. അതേസമയം, കോടതി തീരുമാനം എന്താണെന്ന് അറിയാനുള്ള കാത്തിരിപ്പിലാണ് താനെന്ന് സതീഷ് മാദ്ധ്യമങ്ങളോട് പറഞ്ഞു.

2021 ഏപ്രിൽ മൂന്നിന് പുലർച്ചെ കോഴിക്കോടു നിന്ന് കൊച്ചിയിലേക്ക് കൊണ്ടുവന്ന കുഴൽപ്പണം ദേശീയപാതയിൽ കൊടകര വച്ച് ഒരു സംഘം കാർ തടഞ്ഞുനിറുത്തി തട്ടിയെടുക്കുകയായിരുന്നു. 25 ലക്ഷം രൂപ തട്ടിയെടുത്തെന്നാണ് കാറുടമ പരാതി നൽകിയതെങ്കിലും പൊലീസിന്റെ അന്വേഷണത്തിൽ 3.5 കോടി രൂപ നഷ്ടപ്പെട്ടെന്ന് കണ്ടെത്തിയിരുന്നു. നിയമസഭാ തിരഞ്ഞെടുപ്പിൽ ചെലവഴിക്കാൻ ബിജെപിയുടെ കർണാടക ഘടകം കൊടുത്തുവിട്ട കള്ളപ്പണമാണിതെന്ന് ആരോപണമുയർന്നെങ്കിലും ബിജെപി ഇത് തള്ളിയിരുന്നു.

എന്നാൽ ബിജെപിയുടെ തിരഞ്ഞെടുപ്പ് ഫണ്ടാണ് കോടികൾ വരുന്ന കുഴൽപ്പണമായി എത്തിച്ചതെന്ന് തിരൂർ സതീഷ് വെളിപ്പെടുത്തി. കുൽപ്പണം കൊണ്ടുവന്നവർക്ക് മുറി ബുക്ക് ചെയ്തത് ജില്ലാ ട്രഷറർ ആവശ്യപ്പെട്ടത് പ്രകാരമാണെന്നും അദ്ദേഹം പറഞ്ഞിരുന്നു. കേസിൽ 23 പേർ അറസ്റ്റിലായിരുന്നു. ശേഷം അന്വേഷണ ഉദ്യോഗസ്ഥനെയും മാറ്റി. പ്രതിക്കള്ളാം ജാമ്യത്തിൽ ഇറങ്ങുകയും ചെയ്തിരുന്നു. ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ സുരേന്ദ്രന്റെ മകനെയടക്കം ചോദ്യം ചെയ്തിരുന്നു. കവർച്ചാ കേസിലാണ് അന്വേഷണം നടന്നതെന്നും അതിൽ ബിജെപി നേതാക്കൾക്ക് പങ്കില്ലെന്നുമായിരുന്നു പൊലീസിന്റെ വിശദീകരണം. കള്ളപ്പണക്കേസ് അന്വേഷിക്കേണ്ടത് ഇഡിയാണെന്നും പൊലീസ് പറഞ്ഞിരുന്നു.

ഇ.ഡി മുൻ മേധാവിയെ പ്രധാനമന്ത്രിയുടെ പുതിയ സാമ്പത്തിക ഉപദേഷ്ടാവായി നിയമിച്ചു



ന്യൂഡൽഹി: മുൻ ഇഡി ചീഫിനെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സാമ്പത്തിക ഉപദേഷ്ടാവായി നിയമിച്ചു. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് മുൻ മേധാവി സഞ്ജയ് കുമാർ മിശ്രയെ ആണ് പ്രധാനമന്ത്രിയുടെ പുതിയ സാമ്പത്തിക ഉപദേഷ്ടാവായി നിയമിച്ചത്. ഇന്നാണ് ഇതുസംബന്ധിച്ച സർക്കാർ ഉത്തരവ് പുറത്തുവന്നത്. പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതിയിൽ (ഇക്കണോമിക് അഡ്വൈസറി കൗൺസിൽ ടു ദി പ്രൈം മിനിസ്റ്റർ - ഇഎസി പിഎം) സെക്രട്ടറി തലത്തിലേക്കാണ് നിയമനം.

ഉത്തർപ്രദേശിൽ നിന്നുള്ള 1984-ലെ ഇന്ത്യൻ റെവന്യൂ സർവീസ് ബാച്ചിലെ (ഐആർഎസ്) ഉദ്യോഗസ്ഥനാണ് സഞ്ജയ് കുമാർ മിശ്ര. പ്രധാനമന്ത്രിയെ സാമ്പത്തിക കാര്യങ്ങളിൽ ഉപദേശിക്കുന്ന സമിതിയാണ് ഇഎസി പിഎം.

കൗൺസിലിന്റെ മുൻ-ചെയർമാൻ ബിബേക് ഡെബ്റോയിയുടെ മരണത്തിന് പിന്നാലെയാണ് സഞ്ജയ് കുമാർ മിശ്ര തൽസ്ഥാനത്തേക്ക് നിയമിതനായിരിക്കുന്നത്. 2024 നവംബർ ഒന്നിനാണ് ഡെബ്റോയ് മരിച്ചത്. 2018-ൽ ഇഡി ചീഫ് സ്ഥാനത്തേക്ക് നിയമിതനായ ശേഷം പലവട്ടം കേന്ദ്രസർക്കാർ സഞ്ജയ് കുമാർ മിശ്രയുടെ സർവീസ് കാലാവധി നീട്ടിനൽകിയിരുന്നു.

ഈ കാലയളവിൽ നിരവധി ഉന്നതരുടെ കേസുകളാണ് സഞ്ജയ് കുമാർ മിശ്ര കൈകാര്യം ചെയ്തിരുന്നത്. മുൻ കേന്ദ്ര ധനകാര്യമന്ത്രി പി. ചിദംബരം, കർണാടക ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാർ, ശരദ് പവാർ, മു

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

'വായനയാണ് ലഹരി' ക്യാമ്പയിൻ സംഘടിപ്പിച്ചു

മുക്കാട്ടുകര : സെന്റ് ജോർജ്ജസ് യു.പി സ്കൂളിൽ വെച്ച് ലഹരിക്കെതിരെ മാതൃഭൂമി ദിനപത്രത്തിന്റെ സഹകരണത്താൽ അഭ്യുദയകാംക്ഷികളുടെ സാമ്പത്തിക പിന്തുണയോടെ 'വായനയാണ് ലഹരി' എന്ന ക്യാമ്പയിൻ സംഘടിപ്പിച്ചു. മുക്കാട്ടുകര സെന്റ് ജോർജ്ജസ് എൽ.പി, യു.പി സ്കൂളിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായി പത്രം വീടുകളിലേക്ക് നൽകുന്നതിന്റെ വിതരണ ഉദ്ഘാടനം തൃശൂർ കോർപ്പറേഷൻ മേയർ എം.കെ.വർഗ്ഗീസ് നിർവഹിച്ചു.

ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്യാമള മുരളീധരൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മണ്ണുത്തി സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ് കെ.സി.ബൈജു മുഖ്യതിഥിയായിരുന്നു. സെന്റ് ജോർജ്ജസ് യു. പി സ്കൂൾ ഹെഡ്മിസ്ട്രസ് സി.എൽ.ലിന്റ്, സെന്റ് ജോർജ്ജസ് എൽ. പി സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ ആൻസി മരിയ, വിൻസന്റ് കളപ്പുര, സെബാസ്റ്റ്യൻ ജോസഫ്, വിൻസന്റ് കവലക്കാട്ട്, ജെൻസൻ ജോസ് കാക്കശ്ശേരി എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ചടങ്ങിന് ഡാനി ഡേവിസ്, മേജോ ജോർജ്ജ്, കെ.ആർ.രാഹുൽ, സി.ഡി.ടോണി, എ.കെ. ആന്റോ, ജോർജ്ജ് മഞ്ഞിയിൽ, പവിൻ തോമസ്, അധ്യാപകർ, അനധ്യാപകർ എന്നിവർ നേതൃത്വം നൽകി.

വർഷത്തിലൊരിക്കൽ 'അർണോസ് പാതിരിദിനം' ആചരിക്കണം

തൃശ്ശൂർ: അർണോസ് ഫാറത്തിന്റെ ആഭിമുഖ്യത്തിൽ അർണോസ് പാതിരി ചരമവാർഷികത്തോടനുബന്ധിച്ച് നടത്തിയ അഖില കേരള പുത്തൻപാന ഗ്രൂപ്പ് ആലാപന മത്സരം അതിരൂപത ചാൻസലർ റവ. ഡോ. ഓഡാമിനിക് തലക്കോടൻ ഉദ്ഘാടനം ചെയ്തു.

"യുവാവായിരിക്കുമ്പോൾ തന്നെ വിദേശത്തുനിന്ന് കേരളത്തിൽ വന്ന് ഇവിടത്തെ ഭാഷയും സംസ്കാരവും ഉൾക്കൊണ്ട് ക്രൈസ്തവരേയും കേരളീയ സമൂഹത്തേയും പ്രബുദ്ധരാക്കാൻ പരിശ്രമിച്ച് ഇവിടെ തന്നെ ജീവിതകാലഘട്ടം പൂർത്തിയാക്കിയ മഹാനായ മിഷണറി വൈദീകനായിരുന്നു അർണോസ് പാതിരിയെന്ന്" അദ്ദേഹം അഭിപ്രായപ്പെട്ടു.

വിവിധ മഹാത്മാക്കളുടെ ഓർമ്മദിനങ്ങൾ ആചരിക്കുന്നതുപോലെ 'അർണോസ് പാതിരിദിനം' ആചരിക്കാൻ സർക്കാരും ക്രൈസ്തവ സമുദായവും മുൻകയ്യെടുക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

റവ. ഡോ. ജോർജ്ജ് തേനാടിക്കുളം അദ്ധ്യക്ഷത വഹിച്ചു. ബേബി മൂക്കൻ, ഡേവിസ് കണ്ണനായ്ക്കൽ, ജോസഫ് ചെറിയാൻ, ജോസ് കുണ്ടുകുളം, ലൂവീ ജോസ്, ഒ.ഡി. വർക്കി എന്നിവർ പ്രസംഗിച്ചു. ജന്മദിന മാഘോഷിക്കുന്ന ഫാ. തലക്കോടനെ പൊന്നാട നൽകി അനുമോദിച്ചു. പരിപാടികൾക്ക് പ്രൊഫ. എം. ഡി. റാഫി, ആന്റോ പട്ട്യേക്കാരൻ, അഡ്വ. ജെയ്ക്കബ് പുതുശ്ശേരി, പി. എൽ. ജോസ്, ജോൺസൻ കാഞ്ഞിരത്തിങ്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

തുടർന്ന് നടന്ന മത്സരത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി 14 ടീമുകൾ പങ്കെടുത്തു.

വീട്ടുമുറ്റ സദസ്സ്

അവണൂർ: പുരോഗമന കലാസാഹിത്യ സംഘം അവണൂർ യൂണിറ്റ് സംഘടിപ്പിച്ച വീട്ടുമുറ്റ സദസ്സ് അഞ്ജലി സതീഷ് ഉദ്ഘാടനം ചെയ്തു. പി. നന്ദൻ അധ്യക്ഷനായിരുന്നു.

അഡ്വക്കേറ്റ് ശുഭ സുമേഷ് മുഖ്യ പ്രഭാഷണം നടത്തി. എം. എസ്. സിനിഷയുടെ കവിതകളെ കുറിച്ച് കെ. ആർ. ഹരിദാസ്, സഫ്ദർ ഹഷ്മി,അപർണ ജീവൻ, വി. കെ. മുകുന്ദൻ,പി.വി. സുരേഷ്, എ. വി. സജീവൻ, പി.ബി.ദിവ്യ,പി. കെ. ഉണ്ണികൃഷ്ണൻ, വി .വി. സിജു,പി.വി. സൈമി,ജെ.പി. എടക്കുളം, ശിവകുമാർ, സദാശിവൻ, ഭവാനി എന്നിവർ സംസാരിച്ചു. എം.കെ. അനിൽകുമാർ, സി. എസ്. ആർദ്ര, പി. കൃഷ്ണകുമാർ എന്നിവർ കവിത ചൊല്ലി. ജയൻ അവണൂർ സ്വാഗതവും എസ്. സുമേഷ് നന്ദിയും പറഞ്ഞു.

സമരാഗ്നി ജ്വലനം 11-ാം നാൾ മുരിയാട് നടന്നു

ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനോടുള്ള അവഗണനയ്ക്കെതിരെ 2025 മാർച്ച് 15 ന് വിളംബരം ചെയ്ത കല്ലേറ്റുംകര വികസന സമരം 11ാം നാൾ സമരാഗ്നി ജ്വലനം നടന്നു. മുരിയാടിൽ സമര പരിപാടി കെ വി സുരേഷ് കൈതയിൽ ഉദ്ഘാടനം ചെയ്തു.

ഡേവിസ് എടപ്പി ള്ളി അദ്ധ്യക്ഷനായി. മുരളി കുഴിക്കാട്ടിപ്പുറം സമര സന്ദേശം നൽകി.

സോമൻ ചിറ്റേത്ത്, കുമാരൻ കൊട്ടാരത്തിൽ, സുരേഷ് ബാബു, നന്ദനൻ എൻ.എ, വിത്സൻ, തോമസ്സ് ഇപി, ശശി ശാരദാലയം, ജോസ് കുഴിവേലി, ബിജു കൊടിയൻ, ഉണ്ണികൃഷ്ണൻ പുതുവീട്ടിൽ പോൾസൺ പുന്നേലിപറമ്പിൽ തുടങ്ങിയവർ നേതൃത്വം നൽകി. കെ എഫ് ജോസ് സ്വാ ഗതവും ജോസ് പി.എൽ. നന്ദിയും പറഞ്ഞു.

CHANGE OF NAME

I, GEOPHI JOFFY, HOLDER OF THE PASSPORT No K5078851 DO HERE BY CHANGE MY NAME TO **GEOPHI V.G.** TO CARRY OUT THIS NAME CHANGE IN MY NEWLY APPLIED PASSPORT.

GEOPHI V.G. (Sd/-)

മകളെ പീഡിപ്പിച്ച കേസ്സിൽ പിതാവിന് ജീവപരന്ത്യം തടവും പിഴയും

ഇരിങ്ങാലക്കുട : ഒമ്പത് വയസുകാരിയായ മകൾക്കൊതിരെ ലൈംഗീകാതിക്രമം നടത്തിയെന്ന കേസ്സിൽ പിതാവിന് ജീവപരന്ത്യം തടവും അമ്പതിനായിരം രൂപ പിഴയും ശിക്ഷ വിധിച്ചുകൊണ്ട് ഇരിങ്ങാലക്കുട അതിവേഗ സ്പെഷ്യൽ കോടതി ജഡ്ജ് വി വി സേതുമോഹൻ വിധി പ്രസ്താവിച്ചു.

2013 ഏപ്രിൽ മാസം മുതൽ 2016 ഫെബ്രുവരി 21 വരെയുള്ള കാലയളവിനുള്ളിൽ വാടക വീട്ടിൽ വെച്ച് മകൾക്കെതിരെ ലൈംഗീകാതിക്രമം നടത്തി പീഢിപ്പിച്ചുവെന്ന് ആരോപിച്ച് മതിലകം പോലീസ് ചാർജ്ജ് ചെയ്ത കേസ്സിൽ പ്രതിയായ 48 കാരനെയാണ് കോടതി ശിക്ഷിച്ചത്. പ്രോസിക്യൂഷൻ ഭാഗത്തുനിന്നും 14 സാക്ഷികളേയും 15 രേഖകളും പ്രതിഭാഗത്തുനിന്ന് ഒരു സാക്ഷിയേയും ഹാജരാക്കി തെളിവ് നൽകിയിരുന്നു. ഇരിങ്ങാലക്കുട വനിത പോലീസ് സ്റ്റേഷൻ അസിസ്റ്റന്റ് പോലീസ് സബ്ബ് ഇൻസ്പെക്ടർ ആയിരുന്ന സാബ്. എൻ. ബി. രജിസ്റ്റർ ചെയ്ത കേസ്സിൽ ഇൻസ്പെക്ടർമാരായിരുന്ന കെ. സുമേഷ്, എൻ. എസ്. സലീഷ് എന്നിവർ തുടർ അന്വേഷണം നടത്തി കൊടുങ്ങല്ലൂർ ഇൻസെപ്റ്റർ സിബി ടോം ആണ് കുറ്റപത്രം സമർപ്പിച്ചത്. പ്രോസിക്യൂഷനുവേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. വിജു വാഴക്കാല ഹാജരായി. ലെയ്സൺ ഓഫീസർ ടി. ആർ. രജിനി പ്രോസിക്യൂഷൻ നടപടികൾ ഏകോപിപ്പിച്ചു.

ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ വിവിധ വകുപ്പുകളിലായി ജീവപരന്ത്യം തടവിനും അമ്പതിനായിരം രൂപ പിഴയും പിഴയൊടുക്കാതിരുന്നാൽ 6 മാസത്തെ കഠിനതടവിനും കൂടാതെ ബാലാവകാശനിയമപ്രകാരം ഒരു വർഷത്തെ കഠിന തടവിനുമാണ് ശിക്ഷിച്ചത്. പ്രതിയെ തൃശ്ശൂർ ജില്ലാ ജയിലിലേക്ക് റിമാൻഡ് ചെയ്തു.

പിഴ സംഖ്യ ഈടാക്കിയാൽ ആയത് അതിജീവിതക്ക് നഷ്ടപരിഹാരമായി നൽകുവാനും കൂടാതെ, അതിജീവിതയ്ക്ക് മതിയായ നഷ്ടപരിഹാരം നൽകാൻ ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിക്ക് നിർദ്ദേശം നൽകുവാനും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മെൽബൺ യൂണിവേഴ്സിറ്റി സിബിഐഡി കോഴ്സ് നിപ്മറിൽ

ഇരിങ്ങാലക്കുട: മെൽബൺ സർവകലാശാലയുടെ സഹകരണത്തോടെ നിപ്മർ നടത്തുന്ന സിബിഐഡി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. കോഴ്സ് പൂർത്തിയാകുന്നതോടെ ഭിന്നശേഷി മേഖലയിൽ പ്രൊഫഷണൽ കേഡറാകാം.

റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെയും മെൽബൺ സർവകലാശാലയുടെയുടെയും കൂടി സഹകരണത്തോടെയാണ് കോഴ്സ് ആരംഭിക്കുന്നത്. ആറുമാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സാണിത്. നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ ഇൻ റീഹാബിലിറ്റേഷൻ (എൻബിഇആർ) ആണ് പരീക്ഷ നടത്തുന്നതും സർട്ടിഫിക്കറ്റ് നൽകുന്നതും.

ഭിന്നശേഷിമേഖലയിലെ പ്രവർത്തനങ്ങളേറ്റെടുക്കുന്നതിൽ സർക്കാർ ഏജൻസികളെയും സന്നദ്ധസംഘടനകളെയും സഹായിക്കുന്നതിനുള്ള പ്രൊഫഷണൽ കേഡറാക്കിമാറ്റലാണ് കോഴ്സിന്റെ ലക്ഷ്യം. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർ 'ദിവ്യാംഗമിത്ര' എന്നറിയപ്പെടും. ഇവർക്ക് ഭിന്നശേഷിമേഖലയുമായി ബന്ധപ്പെട്ടുള്ള വിവിധ എൻജിഒ, കേന്ദ്ര/സംസ്ഥാന സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്നുപ്രവർത്തിക്കാനുള്ള അവസരമാണ് ലഭിക്കുക. ഒരു ബാച്ചിൽ 40 സീറ്റാണുള്ളത്. നിലവിലുള്ള സർക്കാർ സംവരണമുണ്ട്.

യോഗ്യത: അംഗീകൃത കേന്ദ്ര/സംസ്ഥാന ബോർഡിൽനിന്ന് പത്താംക്ലാസ് വിജയം. കുറഞ്ഞ പ്രായപരിധി 18 വയസ്. ഉയർന്ന പ്രായപരിധിയില്ല.

ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന നൽകും. കോഴ്സിന്റെ ഫീസ് 20,000 രൂപയാണെങ്കിലും അഡ്മിഷൻ സമയത്ത് 2000 രൂപ അടച്ചാൽ മതിയാകും. 85 ശതമാനം ഹാജരുള്ളവർക്ക് ഫീസിനത്തിൽ 18,000 രൂപ ആർസിഐ നൽകും. ആദ്യശ്രമത്തിൽത്തന്നെ പരീക്ഷ പാസാകുന്ന ഭിന്നശേഷിക്കാർക്ക് പരിതോഷികമായി 4000 രൂപ ലഭിക്കും.കോഴ്സ് ഏപ്രിൽ ഒന്നിനാരംഭിക്കും.

അപേക്ഷ: ആർസിഐ വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്തതോ അംഗീകൃത പരിശീലനസ്ഥാപനങ്ങളിൽനിന്ന് ലഭിച്ചതോ ആയ നിർദിഷ്ടഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷാഫോം ബന്ധപ്പെട്ട വിവരങ്ങൾ നൽകി പൂരിപ്പിച്ചയക്കണം. അവസാന തീയതി: മാർച്ച് 28 (2 PM).

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ, കല്ലേറ്റുംകര (പിഒ), ഇരിങ്ങാലക്കുട, തൃശ്ശൂർ-680683. എന്ന വിലാസത്തിലാണ് അപേക്ഷ അയക്കേണ്ടത്. 9288099584. വെബ്സൈറ്റ്: www.nipmr.org.in

പുത്തൂർ ഗ്രാമപഞ്ചായത്ത് ബഡ്ജറ്റ്: ഭവന പദ്ധതികൾക്കും പശ്ചാത്തല വികസനം മാലിന്യനിർമ്മാർജ്ജന പദ്ധതികൾക്കും മുൻഗണന

തൃശൂർ: പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2025-26 വർഷത്തേക്കുള്ള ബഡ്ജറ്റ് വൈസ് പ്രസിഡണ്ട് അശ്വതി അവതരിപ്പിച്ചു. നിലവിലെ ഭരണസമിതിയുടെ അഞ്ചാമത് ബഡ്ജറ്റിൽ 61.94 കോടി രൂപയുടെ വരവും 61.43 കോടി രൂപയുടെ ചെലവും വ51 ലക്ഷം രൂപ നീക്കിയിരിപ്പുമാണ് വകയിരുത്തിയത്.

ബഡ്ജറ്റിൽ ഉൽപാദന മേഖലയ്ക്കായി 3.2 കോടി രൂപയും, ഭവനപദ്ധതികള്ക്കായി 10.36 കോടി രൂപയും പശ്ചാത്തല സൗകര്യ വികസനത്തിന് 10 കോടി രൂപയും മാലിന്യ നിർമ്മാർജ്ജനത്തിന് 2 കോടിയും ഗ്രാമീണ ടൂറിസം വികസനത്തിന് 5 കോടിയും കുടിവെള്ളം 1.16 കോടി തെരുവ് വിളക്കുകൾക്ക് 1.16 കോടി രൂപ എന്നിങ്ങനെ നീക്കി വെച്ചിട്ടുള്ളതാണ്.

പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ ചേർന്ന പ്രത്യക യോഗത്തിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ സെക്രട്ടറി എന്നിവർ സംസാരിച്ചു.

ഹോണ്ട അമേസ് കാറിന്റെ കാഴ്ച മറയുന്ന ക്യാമറ, മാറ്റി നൽകുവാനും 35000 രൂപ നഷ്ടം നൽകുവാനും വിധി

തൃശൂർ: ഹോണ്ട അമേസ് കാറിന്റെ റിയർവ്യൂ ക്യാമറ കാഴ്ച മറഞ്ഞ് ശരിയായി പ്രവർത്തിക്കുന്നില്ല എന്നാരോപിച്ച് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി. തൃശൂർ പഴയന്നൂർ സ്വദേശി രമേശ് കുമാർ ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ ഒല്ലൂക്കരയിലുള്ള വിഷൻ മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിങ്ങ് ഡയറക്ടർക്കെതിരെയും ഉത്തർപ്രദേശിലെ ഗ്രേറ്റർ നോയ്ഡയിൽ പ്രവർത്തിച്ചു വരുന്ന ഹോണ്ട കാർസ് ഇന്ത്യാ ലിമിറ്റഡിന്റെ മാനേജിങ്ങ് ഡയറക്ടർക്കെതിരെയും ഇപ്രകാരം വിധിയായത്.

വാഹനം പുറകിലേക്ക് എടുക്കുമ്പോൾ ക്യാമറയിൽ നമ്പർ പ്ലേറ്റിന്റെ പ്രതിബിംബം വന്ന് മറയുന്നതിനാൽ, ശരിയായി കാണുവാൻ കഴിയാത്ത അവസ്ഥയാകുന്നു. പരാതിപ്പെട്ടിട്ടും ഫലമുണ്ടായില്ല. തുടർന്ന് ഹർജി ഫയൽ ചെയ്യുകയായിരുന്നു. കോടതി നിയോഗിച്ച വിദഗ്ദ കമ്മീഷണർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചു. എതിർകക്ഷികൾ ഹർജിക്കാരന് നൽകിയ വാഹനത്തിന്റെ ബ്രോഷറിൽ ഇപ്രകാരം നമ്പർ പ്ലേറ്റിന്റെ പ്രതിബിംബം വന്ന് മറയുന്നത് പ്രദർശിപ്പിച്ചിട്ടില്ലാത്തതാകുന്നു.

ഇപ്രകാരം റിയർവ്യൂ ക്യാമറയിൽ കാണുന്നതിൽ തടസ്സം വരുന്നത് വാഹനം ഉപയോഗിക്കുന്നവർക്ക് വിഷമം സൃഷ്ടിക്കുമെന്ന് കോടതി വിലയിരുത്തി. എതിർകക്ഷികളുടെ പ്രവൃത്തി അനുചിത ഇടപാടാണെന്ന് വിലയിരുത്തിയ പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്, ആർ.റാമോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി തടസ്സം സൃഷ്ടിക്കപ്പെടാത്ത ക്യാമറ സ്ഥാപിച്ച് നല്കണമെന്നും അതിന് സാധിച്ചില്ലെങ്കിൽ 15000 രൂപ നൽകണമെന്നും കൂടാതെ നഷ്ടപരിഹാരമായി 25000 രൂപ നൽകണമെന്നും ചിലവിലേക്ക് 10000 രൂപ നൽകണമെന്നും വിധിയിൽ പറയുന്നു.

ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

അനുസ്മരണം നടത്തി

തൃശൂർ: സെന്റ് തോമസ് കോളേജിലെ സംസ്കൃതം മലയാളം അധ്യാപകനായിരുന്ന വൈദ്യ ലിംഗ ശർമ്മയുടെ നിര്യാണത്തിൽ അനുസ്മരണ പരിപാടി സംഘടിപ്പിച്ചു. അദ്ദേഹം വളരെ കാലം ആകാശവാണിയിൽ സുഭാഷിതം പരിപാടി അവതരിപ്പിച്ചിരുന്നു. കേരളത്തിനകത്തും മറ്റു സംസ്ഥാനങ്ങളിലും രാമായണം ഭാഗവതം നാരായണീയം തുടങ്ങിയ വിഷയങ്ങളിൽ പ്രഭാഷണവും പാരായണവും നടത്തിവന്നിരുന്നു. വൈദ്യ ലിംഗ ശർമ്മ അറിയപ്പെടുന്ന ഹൈന്ദവ ആത്മീയ പ്രഭാഷകനായിരുന്നു. ഇന്ത്യക്കകത്തും പുറത്തും അദ്ദേഹത്തിന് ശിഷ്യ സമ്പത്തുണ്ടായിരുന്നു. സെന്റ് തോമസ് കോളേജ് പ്രിൻസിപ്പാൾ ഡോ. മാർട്ടിൻ കെ. എ അനുസ്മണയോഗത്തിൽ അനുശോചന പ്രമേയം അവതരിപ്പിച്ചു. പൗരസ്ത്യ ഭാഷാ വിഭാഗത്തിലെ അധ്യാപകരും, റിട്ടയേർഡ് സ്റ്റാഫ് അസോസിയേഷൻ പ്രതിനിധികളും പൂർവ്വ വിദ്യാർത്ഥിസംഘടന ഭാരവാഹികളും വൈദ്യലിംഗ ശർമ്മയെ പരിചയമുള്ള അധ്യാപകരും അദ്ദേഹത്തെ അനുസ്മരിച്ച് സംസാരിച്ചു. വിവിധ വിഷയങ്ങളിലുള്ള വൈദ്യ ലിംഗ ശർമ്മയുടെ അവഗാഹവും കാര്യങ്ങൾ സരസമായി അവതരിപ്പിക്കാനുള്ള ശേഷിയും അദ്ദേഹത്തെ എല്ലാവരിൽ നിന്നും വ്യത്യസ്തനാക്കിരുന്നു എന്ന് എല്ലാവരും അനുസ്മരണ പ്രഭാഷണങ്ങളിൽ സൂചിപ്പിച്ചു. അതുകൊണ്ട് തന്നെ അദ്ദേഹം സെന്റ് തോമസിൽ അധ്യാപകനായിരുന്ന സമയത്ത് മറ്റു ഭാഷകൾ പഠിക്കുന്ന വിദ്യാർത്ഥികളും വൈദ്യ ലിംഗ ശർമ്മയുടെ ക്ലാസുകേൾക്കാനെത്തിയിരുന്നു. അദ്ദേഹത്തിന്റെ വിയോഗം തീരാനഷ്ടമാണെന്ന് യോഗം വിലയിരുത്തി. അദ്ദേഹത്തിന്റെ കുടുംബത്തിന് അനുശോചന പ്രമേയം കൈമാറി

ആശ, അംഗനവാടി ടീച്ചേഴ്സ് സമരം ഐക്യ ദാർഢ്യവുമായി കോൺഗ്രസ് ധർണ്ണ

തൃശൂർ: വിവിധ ആവശ്യങ്ങളുമായി സെക്രട്ടേറിയറ്റ് പടിക്കൽ സമരം ചെയ്യുന്ന ആശ വർക്കേഴ്സ്, അംഗനവാടി ടീച്ചേഴ്സ് എന്നിവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഇന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് മുൻപിൽ ധർണ്ണ നടത്തുമെന്ന് ഡി സി സി പ്രസിഡണ്ട് അഡ്വ ജോസഫ് ടാജറ്റ് പറഞ്ഞു. ആശ പ്രവർത്തകർ നിരാഹാര സമരത്തിലേക്ക് കടന്നിട്ടു പോലും ചർച്ചക്ക് തയ്യാറാവത്ത സർക്കാരിന്റെ ധാർഷ്ട്യത്തിനെതിരെയുള്ള കോൺഗ്രസിന്റെ പ്രതിഷേധം കൂടിയായിട്ടാണ് ധർണ്ണ നടത്തുന്നത്. ധർണ്ണയുടെ ജില്ലാ തല ഉത്ഘാടനം തൃശ്ശൂർ കോർപ്പറേഷന്റെ മുൻപിൽ കെ പി സി സി വർക്കിംഗ് പ്രസിഡണ്ട് ടി എൻ പ്രതാപൻ നിർവഹിക്കും.

എച്ച് ഐ എൽ ലിമിറ്റഡ് ഇനി ബിർലനു ലിമിറ്റഡ്

കൊച്ചി: സികെ ബിർള ഗ്രൂപ്പിന്റെ ഭാഗമായ എച്ച്ഐഎൽ ലിമിറ്റഡ് ഇനി ബിർലനു ലിമിറ്റഡ് എന്ന പുതിയ പേരിലേക്ക്. കമ്പനിയുടെ മുന്നോട്ടേക്കുള്ള വളർച്ചയുടേയും ഒപ്പം ഉപഭോക്താക്കൾക്ക് ലോകോത്തര നിലവാരത്തിലുള്ള ഉത്പന്നങ്ങളും സേവനങ്ങളും ഉറപ്പുനൽകുന്നതിലുള്ള പ്രതിബദ്ധതയുടേയും ഭാഗമാണ് ഈ പുതിയ മാറ്റം. ഇന്ത്യയിലും യൂറോപ്പിലുമായി 32 നിർമാണ യൂണിറ്റുകളുള്ള ബിർലനു ലിമിറ്റഡിന് 80 ഓളം രാജ്യങ്ങളിൽ പങ്കാളികളും ഉപഭോക്താക്കളുമുണ്ട്.

ഞങ്ങളെന്താണ് എന്ന് പൂർണമായും പ്രതിഫലിക്കുന്നതാണ് ബിർലാനു എന്ന പുതിയ പേര്. ഗുണമേന്മ, നവീനത, ദീർഘകാല ഈട് എന്നിവയിലുള്ള അടിയുറച്ച വിശ്വസമാണ് ഈ ബിസിനസിൽ ഞങ്ങൾ നിലനിൽക്കുന്നതിലുള്ള കാരണം. വീട്ടുടമകൾ, കെട്ടിട നിർമാതാക്കൾ, ഡിസൈനർമാർ എന്നിങ്ങനെ ഞങ്ങൾ സേവനം നൽകുന്ന എല്ലാ വിഭാഗത്തിലുള്ളവരുമാണ് എപ്പോഴും ഞങ്ങളുടെ മുൻഗണന. ഏറ്റവും മികച്ച നിർമാണ സാമഗ്രികക്കായും, കെട്ടിട നിർമാണത്തിലെ ഏറ്റവും നവീനമായൊരു ഐഡിയ യാഥാർത്ഥ്യമാക്കുന്നതിനും, ദീർഘകാല ഈടിനും ബിർലനു ലിമിറ്റഡ് എപ്പോഴും ഉപഭോക്താക്കൾക്കൊപ്പം നിൽക്കുന്നു. - ബിർലനു പ്രസിഡന്റ് അവന്തി ബിർല പറഞ്ഞു.

നൂതന നിർമിതികൾക്ക് അനുയോജ്യമായ ഏറ്റവും ഉയർന്ന ഗുണമേന്മയുള്ള പൈപ്പുകൾ, കൺസ്ട്രക്ഷൻ കെമിക്കലുകൾ, പുട്ടി, റൂഫുകൾ, വാൾസ്, ഫ്ളോർസ് എന്നിവ ഉപഭോക്താക്കൾക്ക് ഉറപ്പാക്കുക എന്നതാണ് എപ്പോഴും ഞങ്ങളുടെ ലക്ഷ്യം. അതിൽ ഏറ്റവും പുതിയതായി ഞങ്ങൾ അവതരിപ്പിച്ചതാണ് യുപിവിസി പൈപ്പ് നിർമാണത്തിലെ ഒബിഎസ് അഥവാ ഓർഗാനിക്ക് ബേസ്ഡ് സ്റ്റബിലൈസേഴ്സ്. വലിയ ഭാരമുള്ള മെറ്റലുകൾ ആവശ്യമില്ലാത്ത ഈ നിർമാണ രീതി ഇന്ത്യയിൽ തന്നെ ആദ്യമാണ്. ചെന്നൈയിലെ ഞങ്ങളുടെ എഎസി ബ്ലോക്ക് ശേഷി ഇരട്ടിയാക്കി വർഷം 4 ലക്ഷം ക്യൂബിക് മീറ്ററുകൾ എന്ന തോതിലേക്ക് വർധിപ്പിച്ചുകഴിഞ്ഞു. വീടുകൾ, ഇന്റീരിയർ മേഖല എന്നിവയിലേക്കുള്ള സേവന വിപുലീകരണത്തിന്റെ ഭാഗമായി, ഞങ്ങളുടെ ആഗോള പ്രീമിയം ഫ്ളോറിംഗ് ബ്രാൻഡായ പാരഡോറിനെ ഇന്ത്യയിലേക്ക് കൊണ്ടുവരാനും ഞങ്ങൾ ഉദ്ദേശിക്കുന്നുണ്ട്. - ബിർലനു മാനേജിംഗ് ഡയറക്ടറും സിഇഒയുമായ അക്ഷത് സേത് പറഞ്ഞു.

നവീന മാറ്റങ്ങളും ലോകോത്തര നിലവാരത്തിലുള്ള സേവന ഉത്പന്നങ്ങളും നൽകിക്കൊണ്ട് മേഖലയിൽ പുത്തനൊരു അദ്ധ്യായം സൃഷ്ടിക്കുകയാണ് ബിർലനു.

കാണാതായ യുവാവിന്റെ മൃതദേഹം കണ്ടെത്തി

പുതുക്കാട്: കുറുമാലി പുഴയിൽ കാണാതായ യുവാവിന്റെ മൃതദേഹം കണ്ടെത്തി. നന്തിപുലം സ്വദേശി വെളിയത്തുപറമ്പിൽ രാജന്റെ മകൻ ശ്രീരാഗിന്റെ (25) മൃതദേഹമാണ് കണ്ടെത്തിയത്.

മണലിപ്പുഴയിൽ മീനുകൾ ചത്തുവൊങ്ങുന്നു

പുതുക്കാട്: മണലിപ്പുഴയിൽ മീനുകൾ ചത്തുപൊങ്ങുന്നു. പുഴയിലെ വെള്ളത്തിന് നിറമാറ്റവും കാണുന്നുണ്ട്. വെള്ളം പരിശോധിച്ചു വിടണമെന്ന് നാട്ടുകാർ ആവശ്യപ്പെടുന്നു.

ജാതീയതയും കേരളവും തൃശ്ശൂരിൽ സംവാദം

തൃശൂർ: ജാതീയതയും കേരളവും എന്ന വിഷയത്തിൽ തൃശ്ശൂർ സാംസ്കാരിക അക്കാദമി പൊതുസംവാദം ഒരുക്കുന്നു. മാർച്ച് 28 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് തൃശൂർ എംജി റോഡ് മച്ചിങ്ങൽ ലൈൻ നാഷണൽ ബുക്ക് സ്റ്റാളിൽ ആണ് സംവാദം. അക്കാദമി പ്രസിഡന്റ് അഡ്വക്കേറ്റ് എ ഡി ബെന്നി അധ്യക്ഷത വഹിക്കും. അഡ്വ. പിആർ സുരേഷ് വിഷയം അവതരിപ്പിക്കും. സാംസ്കാരിക പ്രവർത്തകർ പങ്കെടുക്കും.

ചാലക്കുടി നഗരത്തിൽ പുലിയിറങ്ങി ജനങ്ങൾ ഭീതിയിൽ

തൃശൂർ: ചാലക്കുടി നഗരത്തിൽ പുലിയിറങ്ങി. സൗത്ത് ജംഗ്ഷനിൽ നിന്ന് 150 മീറ്റർ മാറി ബസ്റ്റാൻഡിനടുത്ത് കണ്ണമ്പുഴ അമ്പലം റോഡിലാണ് പുലിയെ കണ്ടത്. 24-ാം തീയതി പുലർച്ചെ സിസിടിവിയിലാണ് പുലിയുടെ ദൃശ്യം കണ്ടത്. വനംവകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി.

പി.എസ്.എം.ഡെന്റൽ കോളേജിൽ വിടപറയാം ലഹരിയോട് സംസ്ഥാന ക്യാമ്പയിൻ നടത്തി

അക്കിക്കാവ് : യുവ തലമുറയുടെ ഭാവി ഇരുട്ടിലാക്കുന്ന ലഹരി ഉപയോഗത്തിനെതിരെ പ്രകൃതി സംരക്ഷണ സംഘം കേരളത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വിട പറയാം ലഹരിയോട്, കാത്തുസൂക്ഷിക്കാം നമ്മെ തന്നെ